ഇരുപത്

# വാഴ്‌വിൻ ഫലം നുകരുവിൻ...!

സിസ്റ്റർ ഡോ. സോഫി റോസ് സി.എം.സി.

മനുഷ്യനെന്ന അത്ഭുതപ്രതിഭാസം ജനിക്കുന്നതും വളരുന്നതും കുടുംബത്തിലാണ്. കുടുംബമെന്ന അടിസ്ഥാനസമൂഹത്തെ മാറ്റിനിർത്തി സഭയ്ക്കോ രാഷ്ട്രത്തിനോ നിലനില്ക്കാനാവില്ല.

കുടുംബത്തിന്റെ ഭദ്രത സമൂഹത്തിന്റെ തന്നെ ഭദ്രതയാണ്. ക്രിസ്തീയ ചൈതന്യം നിറഞ്ഞ കുടുംബങ്ങളിലൂടെ സമൂഹത്തെ പടുത്തുയർത്തുക എന്ന ലക്ഷ്യത്തോടെ സൽക്കർമ്മത്താലും ജ്ഞാനവചസുകളാലും ഒരു കാലഘട്ടത്തെ ദീപ്തമാക്കിയ വാഴ്ത്തപ്പെട്ട ചാവറയച്ചൻ കുടുംബങ്ങൾ അനുവർത്തിക്കേണ്ട പ്രായോഗിക നിർദേശങ്ങൾ ഉൾക്കൊള്ളിച്ചെഴുതിയ ദീർഘമായ കത്താണ് *ഒരു നല്ല അപ്പന്റെ ചാവരുൾ*. ഈ ചെറുകൃതി വിരചിതമായിട്ട് 144 വർഷം പിന്നിടുകയാണ്. ഈ കുടുംബപ്രേഷിതൻ ഒരു കുടുംബത്തിലെ അംഗമായി ഈ ഭൂമിയിൽ പിറന്നിട്ട് 207 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു.

ക്രിസ്തീയ കുടുംബങ്ങൾ അനുദിന ജീവിതത്തിൽ അനുവർത്തിക്കേണ്ട പ്രായോഗികനിർദേശങ്ങൾ ദൈവകല്പനകളെ ആധാരമാക്കി തന്റെ കൈനകരി ഇടവകക്കാർക്കുവേണ്ടി അവരുടെ ആത്മീയവും ലൗകികവുമായ ഉപകാരങ്ങളെ മുന്നിൽക്കണ്ട് എഴുതിക്കൊടുത്ത *ചാവരുൾ*വഴി ഈ മണിവിളക്കിന്റെ ശോഭ മനുഷ്യഹൃദയങ്ങൾ ഇന്നും ആസ്വദിക്കുന്നു. അനുദിന ജീവിതത്തിലെ പ്രശ്നങ്ങൾ വിവേകപൂർവം കൈകാര്യം ചെയ്യുന്നതിനും ജീവിതത്തിന്റെ വിവിധതലങ്ങളിൽ ജ്ഞാനത്താൽ നയിക്കപ്പെടുന്നതിനും സഹായകമായി മഹാവിജ്ഞാനിയായ സോളമൻ നൂറ്റാണ്ടുകൾക്കുമുൻപ് ഇസ്രായേൽ ജനത്തിനു നല്കിയ സുഭാഷിതങ്ങൾപോലെ ഹ്രസ്വവും ജ്ഞാനോക്തികൾ നിറഞ്ഞതും ദൈവ-മനുഷ്യബന്ധത്തെയും സഹജരോടുള്ള ബന്ധത്തേയും ഊട്ടിയുറപ്പിക്കുന്നതിനു സഹായകവുമായ സൂക്തങ്ങളുടെ സമാഹാരമാണിത്.

മതതലത്തിൽ മാത്രമല്ല വ്യക്തിതലത്തിലും, കുടുംബത്തിലും സമൂഹത്തിലുമുള്ള പരസ്പരബന്ധങ്ങളിലും ഒരുവൻ അനുവർത്തിക്കേണ്ടതും സമചിത്തതയോടും വിവേകത്തോടും കാര്യക്ഷമതയോടുംകൂടി ജീവിക്കുവാൻ പാലിക്കേണ്ടതുമായ നിർദ്ദേശങ്ങളാണ് ഇത് ഉൾക്കൊള്ളുന്നത്. ക്രിസ്ത്യാനികൾക്കു മാത്രമല്ല ഏതൊരു കുടുംബത്തിനും സ്വീകരിക്കാവുന്നതും പ്രായോഗികമാക്കാവുന്നതുമായ ഒരു മാർഗരേഖയായിരിക്കുന്നു ഇത്.

ഭൂമിയിൽ സ്വർഗ്ഗം പണിയാൻ ആഗ്രഹിക്കുന്ന ആധുനികമനുഷ്യനോട് ചാവറയച്ചൻ പറയുന്നു; *നല്ല ക്രിസ്ത്യാനികുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു* എന്ന്. സ്വർഗ്ഗസദൃശ്യമായ യാഥാർത്ഥ്യമാക്കി കുടുംബത്തെ മാറ്റുന്നത് സ്നേഹമാണ്. ഈ സത്യം നന്നായി ഗ്രഹിച്ച അദ്ദേഹം എഴുതുന്നു:

*നിങ്ങൾ തമ്മിൽത്തമ്മിൽ സ്നേഹമായിരിപ്പിൻ, ഉപവിയായിരിപ്പിൻ.*

സ്വർഗമെന്ന ദൈവീകയാഥാർത്ഥ്യത്തിന്റെ പ്രതിഫലനവും സാദൃശ്യവുമായ കുടുംബത്തിന്റെ അടിസ്ഥാനഭാവം ദൈവീകസത്തയുടെ ഉൾക്കാമ്പായ സ്നേഹമാണ്. സ്വയംദാനം ചെയ്യുന്ന, വളർത്തുന്ന, നയിക്കുന്ന, തിരുത്തുന്ന, ആശ്വസിപ്പിക്കുന്ന, ക്ഷമിക്കുന്ന, ശക്തിപ്പെടുത്തുന്ന സ്നേഹം, എണ്ണമില്ലാത്ത സവിശേഷതകൾ ഉൾക്കൊള്ളുന്ന ഈ ദൈവീകഭാവത്തിന്റെ ഏറ്റം പൂർണവും മോഹനവുമായ പ്രകാശനമായിരിക്കണം കുടുംബമെന്ന് അദ്ദേഹം നിഷ്കർഷിച്ചു. ഇതിനേറ്റം ആവശ്യമായ കാര്യം ക്ഷമിക്കുകയാണെന്ന് അദ്ദേഹം പഠിപ്പിച്ചു.

ഈ ലോകത്തിലും പരലോകത്തിലും സമാധാനവും സന്തോഷവുമനുഭവിക്കാൻ ഇതുകൂടിയേ കഴിയൂ.

*ഓരോരുത്തന്റെ അറ്റകുറ്റങ്ങളും കുറച്ചിലുകളും നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിപ്പിൻ. ഇപ്രകാരം ചെയ്താൽ ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യസൗഭാഗ്യവും നിങ്ങൾ അനുഭവിക്കും.*

ചാവറയച്ചന്റെ വീക്ഷണത്തിൽ ക്ഷമിക്കുകയെന്നത് *മഹാശക്തിയും വിവേകവും അവസ്ഥയുമുള്ള ആളിനുമാത്രം കഴിയുന്നതാണ്.*

ദൈവീകഭാവമായ ക്ഷമയെ മഹത്വത്തിന്റെ അടയാളമായി കാണുന്ന അദ്ദേഹം വീണ്ടും പറയുന്നു, *ഒരു തറവാടിന്റെ ബഹുമാനവും ഭാഗ്യവും യാതൊരു വഴക്കുമില്ലാതെ എല്ലാവരോടും സമാധാനമായിരിക്കുന്നതത്രേ* എന്ന്. പരസ്പരം ഭിന്നിച്ചും കലഹിച്ചും കലുഷിതമായിരിക്കുന്ന കുടുംബത്തിൽ സമാധാനം ഉണ്ടാകില്ലെന്നു മാത്രമല്ല അവിടെ ഐശ്വര്യം കളിയാടുകയുമില്ല. തറവാടു നശിക്കുന്നതിനു തന്നെ അതു കാരണമാകുമെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. പ്രത്യേകിച്ച് *ഒരു വീട്ടിൽത്തന്നെ ജ്യേഷ്ഠാനുജന്മാരും*

*സ്ത്രീജനങ്ങളും തമ്മിൽത്തമ്മിൽ സ്നേഹമില്ലാതെ എല്ലായ്പ്പോഴും വഴക്കും സംസാരവുമായിരിക്കുന്നത് എത്രയും ദുഃഖകരമായ വസ്തുതയാണ്.*

ചാവറയച്ചന്റെ കാഴ്ചപ്പാടിൽ കലഹങ്ങളും ഭിന്നതകളും സൃഷ്ടിക്കുന്നതുവഴി ജീവിതക്ലേശങ്ങളെ സ്വയം വർധിപ്പിക്കുകയാണ് ചെയ്യുന്നത്. അദ്ദേഹം ചോദിക്കുന്നു:

*ആദമെന്ന മഹാപിതാവ് നമുക്കവകാശമായി വച്ചിരിക്കുന്ന ഞെരുക്കങ്ങളും സങ്കടങ്ങളും പോരാഞ്ഞിട്ടാണോ നിങ്ങൾ സ്വമനസ്സാലെ വീണ്ടും ഉണ്ടാക്കുന്നത്?*

കുടുംബത്തിന്റെ സുഃസ്ഥിതിയിൽ, സമാധാനത്തിൽ, സ്ത്രീക്കുള്ള പങ്ക് ഇവിടെ ശ്രദ്ധേയമാണ്.

*ക്രമമല്ലാത്ത വർത്തമാനങ്ങളും ക്രിസ്ത്യാനികൾക്കു ചേരാത്ത വചനങ്ങളും ശേഷംപേരുടെ അറ്റകുറ്റങ്ങളും പറവാൻ ഒരുമ്പെടരുത്. ശേഷം പേരുടെ വീടുകളിൽ സഞ്ചരിക്കുകയും വർത്തമാനങ്ങൾ അന്വേഷിക്കുകയും വേണ്ട. എന്തുകൊണ്ടെന്നാൽ സ്വന്തം കാര്യങ്ങളെ നല്ലതിൻവണ്ണം വിചാരിക്കുമെങ്കിൽ കാര്യമില്ലാത്ത കാര്യങ്ങളിൽ ഇടപെടുവാൻ നേരമുണ്ടാവുകയില്ല. മറ്റൊരുത്തന്റെ ദോഷത്തിന്റെ വർത്തമാനം നിന്റെ വീട്ടിൽ പറയപ്പെടുമ്പോൾ ആ ദോഷത്തിനുള്ള ശിക്ഷ നിന്റെ വീട്ടിന്മേൽവരും.*

ചാവറവചനങ്ങൾ ഏതൊരാളും, പ്രത്യേകിച്ച് സ്ത്രീകൾ, മനസ്സിൽവച്ച് അനുവർത്തിച്ചാൽ കുടുംബസമാധാനത്തിനും സുദൃഢമായ അയൽപക്കബന്ധത്തിനും അതുകാരണമാകുമെന്നുള്ളതിന് സംശയമില്ല. ഇതിനോടു ചേർന്നുപോകുന്ന മറ്റൊരുകാര്യമാണ് കുഞ്ഞുങ്ങൾ തമ്മിൽ ഉണ്ടാകുന്ന പിണക്കങ്ങളിൽ കാരണവന്മാർ ഇടപെട്ട് അത് വലുതാക്കുന്ന അവിവേകത്തിനെതിരേയുള്ള അദ്ദേഹത്തിന്റെ താക്കീത്. തികഞ്ഞ മനശാസ്ത്രജ്ഞന്റെ വൈഭവത്തോടെ അദ്ദേഹം പറയുന്നു:

*പിള്ളപ്പട എന്നു പറയുന്ന വഴക്കു നിങ്ങൾ ഉണ്ടാക്കരുത്. തങ്ങളുടെ മക്കളെ മറ്റൊരുത്തൻ അപമാനിച്ചു, മറ്റു കുഞ്ഞുങ്ങൾ തല്ലി, ഇങ്ങനെയുള്ളതു കാര്യമാക്കുന്ന കാരണവന്മാരും പൈതങ്ങൾ തന്നെ.*

ദൂരവ്യാപകമായ രീതിയിൽ ദോഷകരമായ പ്രത്യാഘാതങ്ങൾക്കു കാരണമാകാവുന്ന സാഹചര്യങ്ങളെ സൃഷ്ടിക്കാതിരിക്കാനുള്ള പ്രായോഗികമായ നിർദ്ദേശംകൂടിയാണല്ലോ അത്.

മക്കളോടു മാതാപിതാക്കൾ പുലർത്തേണ്ട മനോഭാവവും ശരിയായ ശിക്ഷണത്തിൽ അവരെ വളർത്തുന്നതിനുള്ള നിർദ്ദേശങ്ങളും വളരെ അടിസ്ഥാനപരമായ ദർശനം ഉൾക്കൊള്ളുന്നവയാണ്.

അദ്ദേഹം പറയുന്നു:

*മക്കൾ സർവേശ്വരൻ തമ്പുരാൻ സൂക്ഷിപ്പാനായിട്ടു നിങ്ങളുടെ കൈയിൽ ഏല്പിച്ചിരിക്കുന്ന നിക്ഷേപമാകുന്നു. തന്റെ തിരുച്ചോരകൊണ്ട് ശുദ്ധീകരിക്കുന്നതിനും തന്റെ ശുശ്രൂഷികളാക്കുന്നതിനും വിധിദിവസങ്ങളിൽ തിരികെ ഏല്പിക്കുന്നതിനുമായി ഈശോമിശിഹാ നിങ്ങളുടെ കൈയിൽ ഏല്പിച്ചിരിക്കുന്ന ആത്മാക്കൾ ഇവരാകുന്നു എന്നു നന്നായി അറിഞ്ഞുകൊള്ളുക.*

ഒരു കുടുംബത്തിന്റെ നിക്ഷേപം മക്കളാണെന്ന ചാവറയച്ചന്റെ വാക്കുകൾക്ക് ആധുനികകാലത്തിൽ എന്തു പ്രതികരണമാണുളവാകുന്നതെന്ന് ചിന്തിക്കുന്നത് ഉചിതമാണ്. *നിക്ഷേപങ്ങൾ* വർദ്ധിപ്പിക്കാൻ പരക്കം പായുന്നവനാണ് ആധുനിക മനുഷ്യൻ. മക്കളുടെ എണ്ണം പരിമിതപ്പെടുത്തുന്നതും പെൺകുട്ടിയെ ജനിക്കാൻപോലും അനുവദിക്കാത്തതുമായ സംസ്കാരം ഇന്നിന്റെ ഫാഷനായി മാറിയിരിക്കുകയാണല്ലോ.

ചാവറയച്ചന്റെ വാക്കുകൾ ഈ സംസ്കാരത്തിനുമുമ്പിൽ വെല്ലുവിളി ഉയർത്തുകയാണ്. ഏകദേശം ഒന്നേകാൽ നൂറ്റാണ്ടുമുമ്പ് അദ്ദേഹമെഴുതിയത് ഈ ആധുനികകാലത്ത് ജോൺപോൾ രണ്ടാമൻ മാർപാപ്പാ മറ്റൊരു വിധത്തിൽ രേഖപ്പെടുത്തുന്നതിങ്ങനെയാണ്.

*കുടുംബത്തിൽ ജനിച്ചു വളരുന്ന ഓരോ കുട്ടിയും ഒരു ഭാവിനിക്ഷേപമാണ്. അതു കുറഞ്ഞുപോകാതെയും നഷ്ടപ്പെടുത്താതെയുമിരിക്കുന്നതിനും കൂടുതൽ കൂടുതൽ പക്വതയാർന്ന മനുഷ്യത്വത്തിലേക്കു വന്നു ചേരുന്നതിനുംവേണ്ടി ഉത്തരവാദിത്വപൂർവം സ്വീകരിക്കപ്പെടണം.*

മക്കളുടെ നല്ല വളർത്തലിന് ആവശ്യമായവയും അദ്ദേഹം പ്രതിപാദ്യ വിഷയമാക്കുന്നുണ്ട്. തമ്പുരാനെ സ്നേഹിക്കുവാൻ അവരെ പഠിപ്പിച്ചില്ലെങ്കിൽ അവർ അവരുടെ കാരണവന്മാരെയും പേടിക്കുകയും ബഹുമാനിക്കുകയും ചെയ്യുകയില്ല. ചെറുപ്പത്തിൽത്തന്നെ *ഈശോമറിയം യൗസേഫേ* എന്ന നാമജപങ്ങളും ഇതരജപങ്ങളും ചൊല്ലാൻ അവരെ പഠിപ്പിക്കണമെന്നു നിർദ്ദേശിക്കുന്ന ചാവറയച്ചന്റെ സദുപദേശം എക്കാലത്തും പ്രസക്തമാണ്.

ഇത്തരുണത്തിൽ പോൾ ആറാമൻ പാപ്പയുടെ വാക്കുകൾ ചിന്തോദീപകമാണ്.

*അമ്മമാരേ, നിങ്ങളുടെ കുഞ്ഞുങ്ങളെ ക്രിസ്തീയ പ്രാർഥനകൾ പഠിപ്പിക്കാറുണ്ടോ? അവർ ചെറുപ്പത്തിൽ സ്വീകരിക്കുന്ന കൂദാശകൾക്ക് വൈദികരോടൊത്തുചേർന്ന് നിങ്ങൾ അവരെ ഒരുക്കാറുണ്ടോ? അവർ രോഗികളായിരിക്കുമ്പോൾ പീഡകൾ സഹിക്കുന്ന ക്രിസ്തുവിനെക്കുറിച്ചു ചിന്തിക്കാനും പരിശുദ്ധ കന്യകയുടെയും വിശുദ്ധരുടെയും സഹായം തേടാനും നിങ്ങൾ*

*അവരെ പ്രോത്സാഹിപ്പിക്കാറുണ്ടോ? അല്ലയോ അപ്പന്മാരേ, ചുരുങ്ങിയ പക്ഷം ചിലപ്പോഴെങ്കിലും നിങ്ങൾ സന്താനങ്ങളോടൊന്നിച്ച് കുടുംബ സമൂഹം മുഴുവനോടുമൊത്തുചേർന്ന് പ്രാർഥിക്കാറുണ്ടോ...?*

വാഴ്ത്തപ്പെട്ട ചാവറയച്ചൻ വിഭാവനം ചെയ്ത കുടുംബദർശനം തന്നെയാണു മേലുദ്ധരിച്ച പരിശുദ്ധ പിതാവിന്റെ ചോദ്യവാക്കുകളിലും തെളിയുന്നത്.

ആധ്യാത്മിക ശിക്ഷണത്തോടൊപ്പം മക്കളുടെ ഭൗതികവും മാനുഷികവും വൈകാരികവുമായ വളർച്ചയിലും ഉചിതമായ മാർഗങ്ങൾ സ്വീകരിക്കുവാൻ അദ്ദേഹം മാതാപിതാക്കളോട് അനുശാസിക്കുന്നു. മക്കളോട് അധികകടുപ്പവും അധിക അനുഗ്രഹവും തിന്മയാണെന്നും അതിവാത്സല്യം നിഗളവും അധികകോപവും ശിക്ഷയും മക്കൾക്കു ശരണക്കേടും ബുദ്ധിമടുപ്പും വരുത്തുമെന്നും അദ്ദേഹം പറയുന്നു. *തല്ലിശരിപ്പെടുത്തുക എന്നതിനേക്കാൾ വിവേകമുള്ള മഹിമയോടെ, അവരെ കുറ്റപ്പെടുത്തുക. എന്നാൽ കുറ്റപ്പെടുത്തുമ്പോൾ ദൂഷണങ്ങൾ പറയരുത്* എന്നിങ്ങനെയുള്ള ഉദാത്തമായ ശിക്ഷണരീതി മാതാപിതാക്കൾക്കു അനുകരണയോഗ്യമാണ്. *ശിക്ഷയല്ല, ശിക്ഷണമാണ്* ആവശ്യം. കുട്ടികളുടെ നല്ല വളർത്തലിൽ മാതാപിതാക്കന്മാരുടെ മാതൃക എത്രമാത്രം ആവശ്യമെന്ന കാര്യവും അനുസ്മരിപ്പിക്കാൻ അദ്ദേഹം മറന്നിട്ടില്ല.

*കാരണവന്മാർ തമ്മിൽത്തമ്മിൽ ആചാരവും സ്നേഹവും ബഹുമാനവും കാണിക്കുന്നില്ലെങ്കിൽ മക്കളും അവരെ ബഹുമാനിക്കില്ല* എന്ന സന്ദേശം മാതൃകാപരമായ ജീവിതത്തിന്റേതുതന്നെ. ചൊല്ലിക്കൊടുത്തു പഠിപ്പിക്കുക എന്നതിനേക്കാൾ ശ്രേഷ്ഠം ജീവിച്ചുകാണിച്ചുകൊടുത്തു പഠിപ്പിക്കുകയാണെന്ന തത്വം അദ്ദേഹം ഇവിടെ വ്യക്തമാക്കുകയാണ്.

കുടുംബത്തിൽ മാത്രമല്ല സ്വകുടുംബത്തിനു പുറത്തുമുള്ള വ്യാപാരങ്ങളിലും ബന്ധങ്ങളിലും ഇടപാടുകളിലും ആവശ്യമായ ശ്രദ്ധയും വിവേകവും പുലർത്താനുതകുന്ന സദുപദേശങ്ങളും അദ്ദേഹം നല്കുന്നുണ്ട്. വേലക്കാർക്കു ന്യായമായ കൂലികൊടുക്കുക, വെച്ചുതാമസിപ്പിക്കാതിരിക്കുക, അവരുടെ കണ്ണുനീരുവീഴ്ത്താതിരിക്കുക, അന്യന്റെ വസ്തുക്കൾ മോഷ്ടിക്കാതിരിക്കുക, ഇരിപ്പിലും നടപ്പിലുമെല്ലാം അടക്കമുള്ളവരായിരിക്കുക; ക്രമമില്ലാത്ത സംഭാഷണം, ദൂഷണവാക്കുകൾ ഇവ ഉപേക്ഷിക്കുക, അദ്ധ്വാനനിരതരായിരിക്കുക, സത്യസന്ധരായിരിക്കുക, ഔദാര്യത്തോടെ ദാനം ചെയ്യുക, ഭിക്ഷക്കാരോട് ദയകാട്ടുക, വിശ്വസ്തസ്നേഹിതരുമായി സമ്പർക്കം പുലർത്തുക, അനാവശ്യ ആഡംബരവും ഡംഭും ഉപേക്ഷിക്കുക തുടങ്ങി വൈവിധ്യമാർന്ന വിഷയങ്ങൾ വളരെ പ്രായോഗികമായി നമ്മുടെ മുമ്പിൽ അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്.

സുശിക്ഷിതവും ക്രമീകൃതവും സമാധാനപരവും സഹോദര്യപരവും ദൈവോന്മുഖവുമായ ജീവിതശൈലി കെട്ടിപ്പടുത്ത് കുടുംബത്തെ സ്വർഗ തുല്യമാക്കാനുള്ള ഉദ്ബോധനങ്ങളാണ് *ചാവരുൾ* പ്രദാനം ചെയ്യുന്നത്. കുടുംബജീവിതത്തിന് എക്കാലവും ഇതൊരു മാർഗരേഖയായി നിലകൊള്ളുന്നു. മാറ്റംവരാൻ പാടില്ലാത്ത ദൈവിക സന്മാർഗികമൂല്യങ്ങളാണ് ഇതിലുൾച്ചേർന്നിരിക്കുന്നത്.

ശിഥിലമായിക്കൊണ്ടിരിക്കുന്ന ആധുനിക കുടുംബങ്ങളെ തകർച്ചയുടെ വക്കിൽനിന്നും കരകയറ്റി സ്വർഗ്ഗോന്മുഖരും സമാധാനവാഹികളുമാക്കാൻ *ചാവരുളി*ന്റെ കർത്താവുതന്നെ സഹായിക്കട്ടെ.

നമുക്കു മറക്കാതിരിക്കാം:

*കുടുംബത്തിന്റെ പ്രധാനസമ്പത്ത് ദൈവപേടിയും ഭക്തിയും തന്നെ.*

*ദൈവപേടിയുള്ള തറവാട് ഈ ലോകത്തിലും പരലോകത്തിലും ദൈവ വാഴ്‌വിൻഫലം അനുഭവിക്കുകയും ചെയ്യും.*

■

## പരാമർശ സൂചിക

1. പോപ്പ് ജോൺപോൾ രണ്ടാമൻ: കുടുംബങ്ങൾക്കൊരെഴുത്ത്; നമ്പർ 16.